**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **12-12-2022 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് ഏത് സമയത്തും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആശുപത്രിയിൽ നിന്നും അംഗത്വം നേടാവുന്നതാണ്.**<br><br>**ഇത് കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ/ ബി.പി.എൽ. വ്യത്യാസ മില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകി വരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.** |
| (ബി) | പതിനൊന്നു വർഷം മുമ്പുള്ള സെൻസസ് പ്രകാരം തയ്യാറാക്കിയ ഡേറ്റാബേസിൽ ഉൾപ്പെട്ട ബി.പി.എൽ. കുടുംബങ്ങളാണ് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ കൊല്ലം ജില്ലയിൽ നൂറുകണക്കിന് പേർ പദ്ധതിയിൽ ഉൾപ്പെടാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പദ്ധതിയിൽ അംഗങ്ങളായവരുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല .KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പദ്ധതിയിൽ അംഗങ്ങളായവരുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല .KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ